(ഡി) കാരക്കുന്ന്(കാരാമൂട്ടിൽ) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കുള്ള അഡീഷണൽ മോട്ടോർ സ്ഥാപിക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പണികൾ ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതാണ്.

(1843) പൂപ്പഞ്ഞ മംഗലകുളം ലിഫ്റ്റ് ഇറിഗേഷൻ

ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിലെ പൊയ്യ പഞ്ചായത്തിൽപ്പെടുന്ന പൂപ്പഞ്ഞ മംഗലകുളം ലിഫ്റ്റ് ഇറിഗേഷന്റെ പൈപ്പു ഇടൽ പണി നടന്നുകഴിഞ്ഞിരിക്കുകയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പമ്പ് ഹൗസും മോട്ടോറും സ്ഥാപിക്കുന്നതിനു ടെണ്ടർ വിളിക്കുകയോ കമ്മീഷൻ ഉറപ്പിച്ചു കൊടുക്കുകയോ ചെയ്തിട്ടുണ്ടോ;

(സി) ഇറിഗേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തല്ലാമെന്നും എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പമ്പ് ഹൗസ്, ഡെലിവറി ലയിൻ, കോൺക്രീറ്റ് ലീഡിംഗ് ചാനൽ എന്നീ പണികൾ 24.7.97 ലും 11.11.97 ലും ടെണ്ടർ ചെയ്യുകയുണ്ടായെങ്കിലും പണികൾ ഏറ്റെടുത്തു നടത്തുവാൻ ആരും തയ്യാറാകാത്തതിനാൽ കമ്മീഷൻ ക്ഷണിക്കുകയുണ്ടായി. ലഭിച്ച കമ്മീഷനുകളിൽ റേറ്റ് വളരെ കൂടുതലായതിനാൽ അവ പരിശോധിച്ചുവരികയാണ്. പരിശോധന പൂർത്തിയാക്കി ടെണ്ടർ കമ്മിറ്റിക്ക് സമർപ്പിക്കുന്നതാണ്.

പമ്പ്സെറ്റിന്റെ ഡിസൈൻ തീർപ്പു കൽപ്പിച്ച് തൃശ്ശൂർ എം.ഐ. ഡിവിഷൻ എക്സി. എഞ്ചിനീയറെ അറിയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മോട്ടോറിനുള്ള ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) പമ്പ് സെറ്റിന്റെ ഡിസൈൻ തീർപ്പ് കൽപ്പിച്ച് തൃശ്ശൂർ എം.ഐ. ഡിവിഷൻ എക്സി. എഞ്ചിനീയറെ അറിയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിന്റെ സൂക്ഷ്മ പരിശോധനയ്ക്കുശേഷം പമ്പ്സെറ്റ് വാങ്ങുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

പമ്പുസെറ്റ്, ഡെലിവറി ലയിൻ, കോൺക്രീറ്റ് ലീഡിംഗ് ചാനൽ എന്നിവയുടെ പണികൾക്ക് കമ്മീഷൻ വിളിക്കുകയും ലഭിച്ച കമ്മീഷനുകൾ പരിശോധിച്ച് വരികയുമാണ്. പരിശോധന പൂർത്തിയാക്കി ടെണ്ടർ കമ്മിറ്റിക്ക് സമർപ്പിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ബാക്കി പണികൾ പൂർത്തിയാക്കുന്നതാണ്. മേൽപ്പറഞ്ഞ പണികൾ പൂർത്തിയായി വൈദ്യുതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി കമ്മീഷൻ ചെയ്യാവുന്നതാണ്.

1094/2010.

LIBRARY ARCHIVES Kerala Legislative Assembly